ഭരണഭാഷ മാതൃഭാഷ

**എച്ച്2/19500/2019/ഡിജിഇ(1)**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തിയ്യതി 03/12/2019

പ്രേഷകൻ

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ സമന്വയ സംസ്ഥാന ജില്ലാ നോഡൽ ഓഫീസർമാർക്കും

സർ

വിഷയം -: പൊ.വി- സമന്വയ- 2019-20-നിയമനാംഗീകാരം- അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പരാമർശം-:
1. സ.ഉ (കൈ.) നം 51/2019 പൊ.വി.വ.തീയ്യതി.31/05/2019.
2. സ.ഉ (കൈ) നം 155/2019 പൊ.വി.വ.തീയ്യതി.27/09/2019.
3. ഈ ഓഫീസിലെ 14/6/2019 തിയ്യതിയിലെ ഇതേ നമ്പർ പരിപത്രം

2019-20 വർഷത്തെ നിയമനാംഗീകാര അപേക്ഷകൾ സമന്വയ മുഖേന ഓൺലൈൻ വഴി മാനേജർമാർ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കുകയും, അവ പ്രോസസ് ചെയ്ത്, ചില വിദ്യാഭ്യാസ ഓഫീസർമാർ ഏതാനും ഫയലുകളിൽ മാത്രം അന്തിമ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. തീർപ്പാക്കാത്ത ഫയലുകളിന്മേൽ എല്ലാ ഓഫീസുകളിലും ത്വരിത ഗതിയിൽ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ആവശ്യമായ രേഖകൾ മാനേജർമാരിൽ നിന്ന് ലഭിക്കാത്തതാണ് മിക്ക ഫയലുകളും തീർപ്പാക്കാൻ സാധിക്കാത്തത് . നിയമന ഫയലുകൾ തീർപ്പാക്കുന്നതിൽ നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കകം ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുകയില്ല എന്ന വസ്തുത ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ **സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളിൽ നിയമനാംഗീകാര ഫയലുകൾ തീർപ്പാക്കുന്നതിന് 2019 ഡിസമ്പർ 31 വരെ സമയം അനുവദിച്ചതായി അറിയിക്കുന്നു.**വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ എല്ലാ മാനേജർമാരും അടിയന്തിരമായി സമന്വയ മുഖേനയോ ഇ മെയിൽ മുഖേനയോ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ് .നിയമനാംഗീകാര ഫയലുകളിൽ തീരുമാനമെടുത്ത ഉടനെ ഫയൽ ക്ലോസ് ചെയ്യേണ്ടതാണ്.ചില ഓഫീസുകളിൽ ഫയലിൽ ആക്ഷൻ എടുക്കുന്നത് മാറിയതായും അപ്രകാരമുള്ള തെറ്റായ ആക്ഷൻ റീ സെറ്റ് ചെയ്യാനാവശ്യപ്പെട്ടുകൊണ്ട് നോഡൽ ഓഫീസർമാർക്കും കൈറ്റിനും അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആക്ഷൻ മാറി ചെയ്തത് ഗുരുതരമായ വീഴ്ചയാണ്. എന്നിരുന്നാലും ഇതിനകം ഇത്തരത്തിൽ ആക്ഷൻ മാറി എടുത്ത കേസുകൾ റീ സെറ്റ് ചെയ്യുന്നതിന് കൈറ്റിന് അനുവാദം നൽകുന്നു.ഇതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ അതാത് ജില്ലാ നോഡൽ

ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടതാണ്.ജില്ലാ നോഡൽ ഓഫീസറിൽ നിന്നും ഡിജിറ്റൽ മാദ്ധ്യമങ്ങൾ മുഖേന ഈ അപേക്ഷ ലഭിക്കുന്ന മുറക്ക് കൈറ്റിൽ നിന്നും ഈത്തരം കേസുകൾ റീസെറ്റ് ചെയ്യേണ്ടതാണ്.ജില്ലാ നോഡൽ ഓഫീസർമാരിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ പകർപ്പ് ഡിജിറ്റൽ രേഖയായി കൈറ്റിൽ സൂക്ഷിക്കേണ്ടതും പിന്നീട് ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്. നിയമനാംഗീകാരം സംബന്ധിച്ച ഫയലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കൃത്യതയോടെ കൈകാര്യം ചെയ്യണമെന്നും , തെറ്റായ ആക്ഷനെടുത്താൽ ആയത് റീസെറ്റ് ചെയ്യുന്നതിന് അനുമതി നൽകുന്നതല്ല എന്നും നിരുത്തരവാദപരമായ രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

.

വിശ്വസ്തതയോടെ

ഷിബു ആർഎസ്

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)

<u>പകർപ്പ്</u>

1. ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് പൂജപ്പുര തിരുവനന്തപുരം
2. എല്ലാ മാനേജർമാർക്കും (അതാത് വിദ്യാഭ്യാസ ഓഫീസർ/ജില്ലാ ഗ്രൂപ്പ് മുഖേന)